# കേരള ഹൈക്കോടതി

എ 3 - 79760 / 2017 　　　　　　　　　　കൊച്ചി - 682031

തീയതി : 22.09.2017

## നോട്ടീസ്

വിഷയം:- കേരള ഹൈക്കോടതിയിലെ ഓഫീസ് അറ്റൻഡൻറ് തസ്തിക ദിവസ വേതന അടിസ്ഥാനത്തിൽ നികത്തുന്നത് സംബന്ധിച്ച് -

പരാമർശം:- 1. 26.02.2016-ലെ സ.ഉ.(അച്ചടി) നം.28/2016/ധന. ഉത്തരവ്.
2. 28.04.2017-ലെ സ.ഉ.(അച്ചടി) നം.56/2017/ധന. ഉത്തരവ്.

..............................

ഹൈക്കോടതിയിൽ നിലവിലുള്ള ഓഫീസ് അറ്റൻഡൻറ് തസ്തികയിലുള്ള ഒഴിവുകളിലേക്ക് എട്ടാം ക്ളാസ്സ് പാസ്സായ ഉദ്യോഗാർത്ഥികളിൽ നിന്നും ദിവസ വേതനാടിസ്ഥാനത്തിൽ 21.12.2017 വരെ നികത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത നിയമനം താഴെപറയുന്ന വ്യവസ്ഥകൾക്ക് വിധയമായിരിക്കും:-

1. പ്രതിദിന വേതനം ₹630/-, പരമാവധി പ്രതിമാസ വേതനം ₹17,025/-.
2. നിയമനം 21.12.2017 വരേയോ അല്ലെങ്കിൽ അതിനുമുൻപോ അവസാനിപ്പിക്കുവാൻ സാധ്യതയുണ്ട്.
3. പ്രസ്തുത നിയമനം ലഭിച്ചവർക്ക് ഹൈക്കോടതിയിലെ റഗുലർ നിയമനത്തിന് ഒരു തരത്തിലുമുള്ള മുൻഗണനയോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

മേൽ വ്യവസ്ഥകൾക്കനുസൃതമായി ഓഫീസ് അറ്റൻഡന്റായി ദിവസവേതനത്തിൻ ജോലിചെയ്യാൻ താല്പര്യമുള്ളവർ **25/09/2017** തീയതിക്കുമുന്പായി രജിസ്ട്രാർ, കേരള ഹൈക്കോടതി എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്.

(ഉത്തരവിൻ പ്രകാരം)

ലിസമ്മ ജോസഫ് മുരിക്കൻ
അസിസ്റ്റൻറ് രജിസ്ട്രാർ (ഹയർ ഗ്രേഡ്)